# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അത്തോളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/2701/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.
ഇ-മെയിൽ dokkd.ksad.kerala.gov.in

Phone: 04952371012

തീയതി. 28.01.2019.

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അത്തോളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/2701/2018 തീയതി 28.01.2019.

## കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 31.05.2017 മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലിപുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 30.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. എ.കെ.ബാലസുബ്രഹ്മണ്യൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സതീഷ് കുമാർ.സി.പി. | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാജീവൻ.എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. അഖില.വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രവീന്ദ്രൻ | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.രാജേഷ്.എ. | 01.04.2017 മുതൽ 05.06.2017 വരെ |
| | ശ്രീ.ഫവാസ് ഷമീം | 06.06.17 മുതൽ 04.01.2018 വരെ |
| | ശ്രീ.രാജീവൻ.എം. | 05.01.18 മുതൽ 31.03.2018 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സത്യഭാമ.പി.വി. | 01-04-17മുതൽ 30-06-17 വരെ |
| | ശ്രീ.വിജയകുമാർ ചെറുവത്തൂർ. | 19.07.17 മുതൽ 31.07.17വരെ |
| | ശ്രീ.സുരേഷ് കുമാർ.എസ് | 03.10.17മുതൽ 31.10.17വരെ |
| | ശ്രീ.ജിഷിത്ത് ആർ | 13.11.17 മുതൽ 31.03.18വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.അനിത.കെ.എം | 01-04-17മുതൽ 31-03-18 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.വിജയൻ.എം.വി. | 01-04-17മുതൽ 31-03-18 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ.കെ.നായർ | 01-04-17മുതൽ 3-07-17 വരെ |
| | ഡോ.അംബിക രാജൻ നമ്പ്യാർ | 08-07-17മുതൽ 31-03-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സജിത | 01-04-17മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി. | ഡോ.രോഷ്ണി.പി.ടി. | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നന്ദിത.വി.പി. | 01.04.17 മുതൽ 06.06.17 വരെ |
| | ശ്രീമതി.വിദ്യ.പി. | 7.6.17 മുതൽ 14.7.17 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| | ശ്രീ.ഷമ്മി മാത്യു | 15.7.17 മുതൽ 31.03.18 വരെ |
| ആയുർവേദ മെഡിക്കൽഓഫീസർ | ഡോ.പ്രഷീല. | 01.04.17മുതൽ 23.7.17 വരെ |
| | ഡോ.അഞ്ജന | 24.7.17 മുതൽ 31.3.18 വരെ |
| മെഡിക്കൽഓഫീസർ ഹോമിയോ | ഡോ.റീത്ത.പി. | 1.4.17 മുതൽ 27.5.17 വരെ |
| | ഡോ.പ്രഭിത.വി.പി. | 28.5.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജ.സി. | 01.4.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീമതി.സുധ.എം. | 01.4.17 മുതൽ 31.03.18 വരെ |
| | ശ്രീമതി.ജയശ്രീ.ഒ | 01.4.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |

| | | |
|---|---|---|
| 9 | 1-9 | കാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | സങ്കേതം സോഫ്റ്റ്‌വേർ -അപാകതകൾ |
| 14 | 2-2 | തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച് |
| 15 | 2-3 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് |
| 16 | 2-4 | ഒരേ കെട്ടിടത്തിൽ വിവിധ നമ്പറുകൾ അനുവദിക്കുന്നതുമൂലമുള്ള നഷ്ടം |
| 17 | 2-5 | വസ്തുനികുതി നിർണ്ണയം- അപാകതകൾ |
| 18 | 2-6 | ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലേറെ കെട്ടിടത്തിന് നികുതി ഇളവ് നൽകി |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | പൊതുമരാമത്ത് പദ്ധതികൾ :പദ്ധതി മാർഗ്ഗരേഖയ്ക്കനുസരിച്ച് രൂപീകരിക്കുന്നില്ല |
| 20 | 3-2 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല |
| 21 | 3-3 | പമ്പ് സെറ്റ് വിതരണം: കൈവശ ഭൂമിയുടെ കൃത്യത ഉറപ്പുവരുത്തിയില്ല |
| 22 | 3-4 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു |
| 23 | 3-5 | ഗുണഭോക്താക്കൾക്ക് തുക ലഭിച്ചെന്ന് ഉറപ്പുവരുത്തിയില്ല |
| 24 | 3-6 | വിൽപ്പനക്കാർക്ക് പകരം സ്വന്തം മകളുടെ അക്കൌണ്ടിലേക്ക് തുക കൈമാറി |
| 25 | 3-7 | വിശദമായ എസ്റ്റിമേറ്റും സാങ്കേതികാനുമതിയുമില്ലാതെ ഇലക്ട്രിക്കൽ ലൈൻ നീട്ടൽ |
| 26 | 3-8 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം |
| 27 | 3-9 | അർഹത ഉറപ്പ് വരുത്താതെ പഠനമുറിക്ക് ധനസഹായം |
| 28 | 3-10 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ |
| 29 | 3-11 | അങ്കണവാടികൾക്ക് ഗ്യാസ് സിലിണ്ടർ വാങ്ങിനൽകിയതിലെ അപാകതകൾ |

| | | |
|---|---|---|
| 30 | 3-12 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - അപാകതകൾ |
| 31 | 3-13 | എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന് പങ്കാളിത്തം ഇല്ല |
| 32 | 3-14 | ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങിനൽകൽ - അപാകതകൾ |
| 33 | 3-15 | വാങ്ങൽ നടപടിക്രമങ്ങളിലെ അപാകം |
| 34 | 3-16 | മുൻകൂറുകൾ ക്രമീകരിക്കാത്തത് |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 38 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 39 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 42 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 43 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 30.3.17 ലെ 1/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.3.18 ലെ 1/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 06.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.6.18, 14.6.18 | കെഎസ്.എ.കെ.കെ.ഡി ഇ2/1111/18(2) തീയതി 10.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15355193 |
| വരവ് | 63004048 |
| ആകെ | 78359241 |
| ചെലവ് | 65333877 |
| നീക്കിയിരിപ്പ് | 13025364 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 13588000 | 13588000 | 10582854 | 3005146 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 10358823 | 10358823 | 7027661 | 3331162 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 10077000 | 10077000 | 9280767 | 796233 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3064981 | 3064981 | 2954234 | 110747 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 11330039 | 11330039 | 6150827 | 5179212 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 1056746 | 1056746 | 979713 | 77033 |
| സാക്ഷരത | | 2059 | 83 | 2142 | 0 | 2142 |
| ദുരിതാശ്വാസനിധി | | 36627 | 1279 | 37906 | 2458 | 35448 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 28277065 | 28277065 | 28277065 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 153661 | 581676 | 735337 | 734314 | 1023 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| mp fund | | 13947 | 2861123 | 2875070 | 2690482 | 184588 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 142956 | 615000 | 757956 | 350000 | 407956 Acc error |
| | ജില്ലാ പഞ്ചായത്ത് | 0 | 115000 | 115000 | 250000 | -135000 |
| ബി ഫണ്ട് | | | 51137520 | 51137520 | 51137520 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 10096628 | 10096628 | 4624454 | 5472174 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9574094 | 13705441 17731 | 23279535 17731 | 16259133 - | 7020402 17731 |
| | ട്രഷറി അക്കൗണ്ട് | 5248466 | 9679700 | 14928166 | 9488263 | 5439903 |
| മറ്റിനം | | | | | | |
| എസ് ബി ടി കറന്റ് ഇ പേയ്മെന്റ് | | 2235 | 27762 | 29997 | 0 | 29997 |
| Bio diversity | | 265 | 0 | 265 | 265 | 0 |
| Pyka | | 269962 | 10056 | 280018 | 0 | 280018 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 77797799 | 135 | 43413982 | 17 | 107 | 52.12% |

77797799 രൂപ വകയിരുത്തി 259 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 152 പ്രൊജക്ടുകളാണ് നടപ്പാക്കാൻ ശ്രമിച്ചത്. ഗുണഭോക്തൃവിഹിതമടക്കം 43413982 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 17 പ്രൊജക്ടുകൾക്ക് തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 55.80% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക , വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 153661 | 581676 | 735337 | 734314 | 1023 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 28277065 | 28277065 | 28277065 | |

തൊഴിലുറപ്പ് പദ്ധതിയിൽ സൂക്ഷിക്കുന്ന രേഖകളും വാർഷികകണക്കും വാർഷിക കണക്കിലെ ജനറൽ ട്രയൽ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് വാർഷിക കണക്കുകളുടെ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 151320 | 336 |
| കർഷകതൊഴിലാളി പെൻഷൻ | 5911200 | 508 |
| വിധവാപെൻഷൻ | 13452200 | 1154 |
| വാർദ്ധക്യകാല പെൻഷൻ | 26796900 | 2279 |
| വികലാംഗപെൻഷൻ | 3714600 | 343 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1111300 | 98 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 142344 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിൽ വൗച്ചറുകളും രശീതും മിക്കവാറും രേഖകളും അതീവ ശ്രദ്ധയോടെയും ഭംഗിയായും ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഈ പ്രവൃത്തി അഭിനന്ദനീയമാണ്.

എങ്കിലും സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല

(2)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ്

ചെയ്യുന്നു എന്നോ എന്ന് പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല

(3)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. പല വാങ്ങലുകളും പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(4)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(5)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായി ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല.

(6) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(7) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

(8) കൃത്യമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ ചുമതലകളും അവരുടെ മേൽനോട്ട ചുമതലയും കൃത്യമായി രേഖപ്പെടുത്തിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.
(9) ജീവനക്കാരുടെ ഹാജർ പട്ടിക കൃത്യമായി അവധികൾ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല
(10) നികുതികൾ ,നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.18-11.10.18 | 1.9.18 to 30.9.18 | PAUBLY/PAT2 /ATLY08&09 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.04.2016 മുതൽ 28.04.2016 വരെ | 2011-12 to 2014-15 | LBA(HQ)111/8A-2444/51 തീയതി.14.06.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വാർഷിക കണക്കിൽ അടിസ്ഥാന റേഷ്യോകൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. തൊഴിൽ നികുതി 2016-17 വർഷത്തെ കുടിശ്ശിക ഡിമാന്റ് 1335400/- രൂപ തൻവർഷത്തെ ഡിമാന്റ് /കളക്ഷൻ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

എ. പലവക ഡിമാന്റ് രജിസ്റ്റർ

ബി. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ.

4. താഴെപ്പറയുന്ന രജിസ്റ്ററുകൾ/രേഖകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആകയാൽ ഇവ പ്രകാരമുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

എ. പെർമിറ്റ് രജിസ്റ്റർ (സംക്ഷിപ്തവുമില്ല)

ബി. ബാങ്ക് അക്കൗണ്ട് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

സി. കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ

5. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേഴ്സിന്റെ ഡിമാന്റ് ഉൾപ്പെടുത്തിയിട്ടില്ല.

6. ഇ-പേയ്മെന്റ് അക്കൗണ്ടായ 67390831056 ന്റെ കാര്യത്തിൽ 12.03.2018ന് 39348/- രൂപ പാസ്സ്ബുക്ക് നീക്കിയിരിപ്പുണ്ട്. എന്നാൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് തുകയായ 29997/- രൂപ തന്നെയാണ് പാസ്സ് ബുക്ക് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

8. ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ട് പ്രകാരം വരവ് 9481000/- രൂപയാണ്. എന്നാൽ എ.സി.ആർ. പ്രകാരം വരവ് 10096628/- രൂപയാണ്.

9. ടി.എസ്.ബി. അക്കൗണ്ടിൽ തൻവർഷം ആകെ വരവ് വന്ന 1311951/- രൂപ നേരിട്ട് ക്രെഡിറ്റ് ചെയ്തതിനാൽ ഏതൊക്കെ ഇനത്തിലുള്ളതാണെന്ന് എ.സി.ആർ. ന്റെ അഭാവത്തിൽ വ്യക്തതയില്ല.

10. ചെക്ക് വഴിയുള്ള ചെലവിന്റെ കാര്യത്തിൽ ചെക്കിന്റെ കൗണ്ടർ ഫോയിലിൽ ചെലവിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

11. സെൽഫ് ചെക്ക് വഴി തുക പിൻവലിച്ച് വിതരണം ചെയ്യുമ്പോൾ വൗച്ചർ പ്രിന്റ് ഉണ്ടാകുന്നുണ്ടെങ്കിലും ഒരു ബുക്ക് ഓഫ് അക്കൗണ്ടിലും വൗച്ച് ചെയ്യപ്പെടുന്നില്ല.

12. താഴെപ്പറയുന്ന വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നമ്പർ 21700652 മുതൽ 713 വരെ, 21700761 മുതൽ 770 വരെ, 21700805 മുതൽ 818 വരെ.

13. 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1.സാക്ഷരത ക്ലോസിങ്ങ് ബാലൻസ് 2142 രൂപ വാർഷിക കണക്കിൽ 2059 രൂപയാണ്.

2.പൈക്ക അക്കൗണ്ടിൽ ക്ലോസിങ്ങ് ബാലൻസ് 280018 രൂപയാണ് വാർഷിക കണക്കിൽ 269962 രൂപയാണ്.

3.നെൽകൃഷിക്കാർക്കുള്ള ഉൽപാദക ബോണസായി 16000 രൂപ ട്രഷറി ബിൽബുക്ക് പ്രകാരം പിൻവലിച്ചത് (ബി ഫണ്ട്)വാർഷിക കണക്കിൽ വരവും ചെലവുമായി ഉൾപ്പെടുത്തിയിട്ടില്ല.

4.സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 115000 രൂപയാണ് ലഭിച്ചത്.(വാർഷിക കണക്ക്, പാസ്ബുക്ക് എന്നിവ പ്രകാരം) എന്നാൽ ഈ ഇനത്തിൽ 250000 രൂപ ചെലവു കാണിച്ചിട്ടുണ്ട്.

5.സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തൻവർഷം ലഭിച്ച 615000 (വാർഷിക കണക്ക്, പാസ്ബുക്ക് എന്നിവ പ്രകാരം) രൂപയും മുൻ ബാക്കി 142956 രൂപയുമടക്കം(2016-17 വാർഷിക കണക്കിന്റെ ബി4 പത്രിക പ്രകാരം) 757956 രൂപ വരവുണ്ട്. ആയതിൽ ചെലവു വന്നത് 350000 രൂപ മാത്രമാണ്. 407956 രൂപ നീക്കിയിരിപ്പുണ്ടാകേണ്ടതാണെങ്കിലും തൻവർഷത്തെ ബാലൻസ് ഷീറ്റിൽ B4 പത്രികയിൽ നീക്കിയിരിപ്പില്ല.

6.സ്ഥിരനിക്ഷേപമായി 5401740 രൂപയാണ് വർഷാവസാനം ശേഷിക്കുന്ന തുകയെങ്കിലും വാർഷിക കണക്കിൽ 4609420 രൂപ എന്നാണ് രേഖപ്പെടുത്തിയത്.

7.തൊഴിലുറപ്പ് പദ്ധതിയിൽ സൂക്ഷിക്കുന്ന രേഖകളും വാർഷികകണക്കും വാർഷിക കണക്കിലെ ജനറൽ ട്രയൽ

ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ

| ഇനം | വാർഷിക കണക്ക് പ്രകാരം | ട്രയൽ ബാലൻസ് പത്രിക പ്രകാരം | തൊഴിലുറപ്പ് പദ്ധതി രേഖ പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 153661 | 153661 | 152161 |
| വരവ് | 414676 (RP31) | 581676 | 581499 |
| ചെലവ് | ലഭ്യമല്ല | 734314 | 734539 |
| നീക്കിയിരിപ്പ് | 1023 | 1023 | 1029 |

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ അഡ്മിൻ ചെലവുകളുൾപ്പെടെയുള്ള തുകയാണ് കാണിച്ചതെങ്കിലും 100 ദിവസത്തെ ജോലിക്കുള്ള ബോണസും ബാങ്ക് ചാർജ്ജും 167225 രൂപ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ വരവ് ചെലവ് വാർഷിക കണക്കിൽ ലഭ്യമല്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സങ്കേതം സോഫ്റ്റ്‌വേർ -അപാകതകൾ

31.10.2017 തിയ്യതിയിലെ ജി.ഒ (പി ) 81/2017 ത.സ്വ.ഭ.വ (എസ്.ആർ.ഒ നമ്പർ 675/2017) നമ്പർ വിജ്ഞാപന പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതവും പരമാവധി അനുവദനീയമായ വ്യാപ്തിയും അധികഫീസ് നിരക്കും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിജ്ഞാപനത്തിലെ ഭേദഗതികൾ പൂർണ്ണമായി സങ്കേതത്തിൽ ഉൾപ്പെടുത്തിയില്ല. 2018 ജനുവരി മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേനെയാണ് സ്വീകരിച്ചുവരുന്നത്. സങ്കേതം സോഫ്റ്റ്‌വെയർ മുഖേനെയുള്ള പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ തറവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും ഈടാക്കാവുന്ന അധികഫീസ് നിരക്കും പരമാവധി അനുവദനീയമായ F.A.R നിരക്കും താഴെ പറയുന്ന പ്രകാരം വ്യത്യാസം വന്നിട്ടുണ്ട്.

ഗണം- കച്ചവടം/വാണിജ്യം

| ക്രമ നമ്പർ | ഇനം | സങ്കേതം നിരക്ക് | 31.10.2017 തിയ്യതിയിലെ ജി.ഒ (പി ) 81/2017 ത.സ്വ.ഭ.വ വിജ്ഞാപനം പ്രകാരമുള്ള നിരക്ക് |
|---|---|---|---|
| 1 | മാക്സിമം F.A.R – അധികഫീസ് ഇല്ലാതെ കാറ്റഗറി I പഞ്ചായത്ത് | 2 | 3 |

| | | | |
|---|---|---|---|
| | | | |
| 2 | മാക്സിമം F.A.R – അധികഫീസ് ഇല്ലാതെ കാറ്റഗറി II പഞ്ചായത്ത് | 1.75 | 2.75 |
| 3 | മാക്സിമം F.A.R – 5000 രൂപ ചതുരശ്രമീറ്ററിന് അധികഫീസോടുകൂടി - കാറ്റഗറി I പഞ്ചായത്ത് | 2.5 | 4 |
| 4 | മാക്സിമം F.A.R – 5000 രൂപ ചതുരശ്രമീറ്ററിന് അധികഫീസോടുകൂടി - കാറ്റഗറി II പഞ്ചായത്ത് | 2.25 | 3 |

ഗണം- റസിഡൻഷ്യൽ- 7 മീ വരെ ഉയരമുള്ള കെട്ടിടങ്ങൾ

| ക്രമ നമ്പർ | ഇനം | സങ്കേതം നിരക്ക് | 31.10.2017 തിയ്യതിയിലെ ജി.ഒ (പി ) 81/2017 ത.സ്വ.ഭ.വ വിജ്ഞാപനം പ്രകാരമുള്ള നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മാക്സിമം F.A.R – 300 ച.മീ വരെയുള്ള വാസഗൃഹങ്ങൾക്ക്-അധികഫീസ് ഇല്ലാതെ -കാറ്റഗറി I പഞ്ചായത്ത് | 2.75 | 3 |
| 2 | മാക്സിമം F.A.R – 300 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് -അധികഫീസ് ഇല്ലാതെ കാറ്റഗറി Iപഞ്ചായത്ത് | 1.75 | 3 |
| 3 | മാക്സിമം F.A.R – 300 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് - 5000 രൂപ ചതുരശ്രമീറ്ററിന് അധികഫീസോടുകൂടി - കാറ്റഗറി I പഞ്ചായത്ത് | 2.25 | 4 |
| 4 | മാക്സിമം F.A.R –300 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് - 5000 രൂപ ചതുരശ്രമീറ്ററിന് അധികഫീസോടുകൂടി - കാറ്റഗറി I പഞ്ചായത്ത് | 2.75 | 4 |

| | | | |
|---|---|---|---|
| | | | |
| 5 | പരമാവധി അനുവദനീയമായ വ്യാപ്തി- 300 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് - കാറ്റഗറി II പഞ്ചായത്ത് | 60 | 55 |

കൂടാതെ കാറ്റഗറി I വില്ലേജിൽപ്പെട്ട 300 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് അധിക ഫീസ് 1000 രൂപ നിരക്കിലും കാറ്റഗറി I വില്ലേജിൽപ്പെട്ട 300 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 5000 രൂപ നിരക്കിലും 1000 രൂപ നിരക്കിലും ഫീസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 300 ച.മീ വരെയുള്ള കാറ്റഗറി I ൽ ഉൾപ്പെട്ട വാസഗൃഹങ്ങൾക്ക് അനുവദനീയമായ പരമാവധി F.A.R ഉം ഈടാക്കാവുന്ന അധികഫീസും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (19/17-18 തി.29.11.2018) നൽകിയിട്ടുണ്ട്. അപാകത സോഫ്റ്റ്‌വെയർ തയ്യാറാക്കിയ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. സങ്കേതത്തിലൂടെ സ്വീകരിച്ച പെർമിറ്റ് അപേക്ഷകളിൽ അധികഫീസ് ഈടാക്കി അനുവദിച്ച കെട്ടിടങ്ങൾ ഉണ്ടോയെന്ന് പുന: പരിശോധിച്ച് ചട്ട പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. 1000 രൂപ നിരക്കിൽ ഈടാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയത് പുനപരിശോധക്കേണ്ടതും ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്. 300 ച.മീ വരെയുള്ള കാറ്റഗറി I ൽ ഉൾപ്പെട്ട വാസഗൃഹങ്ങൾക്ക് അനുവദനീയമായ പരമാവധി F.A.R ഉം ഈടാക്കാവുന്ന അധികഫീസും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സങ്കേതം വഴി ലഭ്യമാക്കിയ അപേക്ഷകളിലെ അത്തരം കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോയെന്നും ഫീസ് ഈടാക്കിയത് ചട്ടപ്രകാരമാണ് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. സോഫ്റ്റ്‌വെയർ അപാകത അടിയന്തിരമായി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച്

1) തൊഴിൽനികുതി ഡിമാന്റിന്റെ ആധികാരികത.

ഗ്രാമപഞ്ചായത്തിലെ 2016-17, 2017-18 വർഷങ്ങളിലെ തൊഴിൽനികുതി ഡിമാന്റ്, കലക്ഷൻ , ബാലൻസ് എന്നിവ താഴെ കൊടുക്കുന്നു.

| 2016-17 | | | | | | |
|---|---|---|---|---|---|---|
| ഇനം | രജിസ്റ്റർ പ്രകാരം | | | | എ.എഫ്.എസ് പ്രകാരം | |
| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
| ജീവനക്കാരുടെ തൊഴിൽനികുതി | 1809460 | 989790 | 819670 | 1811860 | 1811860 | 0 |
| അരിയർ 15-16 | 822070 | 822070 | 0 | | | |
| ആകെ | 2631530 | 1811860 | 819670 | 1811860 | 1811860 | 0 |

2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 819670 രൂപ ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്. എന്നാൽ ആയത് 2016-17 വർഷത്തെ ബാലൻസ്ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ 2016-17 വർഷത്തിൽ തൻവർഷത്തെ നികുതിയായും കുടിശ്ശികയായും പിരിച്ചെടുത്തതുകയാണ് 2016-17 വർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-1 ഷെഡ്യൂളിൽ തൻവർഷത്തെ ഡിമാന്റായി കാണിച്ചിരിക്കുന്നത്. കുടിശ്ശിക വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താതെ തൻവർഷം (2017-18) ഡിമാന്റായി കാണിച്ചിരിക്കുകയാണ്.

| 2017-18 | | | | | | |
|---|---|---|---|---|---|---|
| ഇനം | രജിസ്റ്റർ പ്രകാരം | | | എ.എഫ്.എസ് പ്രകാരം | | |
| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
| ജീവനക്കാരുടെ തൊഴിൽനികുതി | 2253590 | 2253590 | 0 | 3588990 | 3588990 | 0 |
| അരിയർ 16-17 | 1335400 | 1335400 | 0 | | | |
| ആകെ | 3588990 | 3588990 | 0 | 3588990 | 3588990 | 0 |

2016-17 വർഷത്തെ തൊഴിൽനികുതി തൊഴിൽനികുതി കുടിശ്ശിക 819670 രൂപയായിരുന്നു. എന്നാൽ 2017-18 ലെ തൊഴിൽനികുതി രജിസ്റ്ററിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്നത് 1335400 രൂപയാണ്. കുടിശ്ശിക കണക്കാക്കുന്നതിൽ ആധികാരികതയില്ല. മുൻ വർഷത്തെ പോലെ തൻവർഷത്തെ നികുതിയായും കുടിശ്ശികയായും പിരിച്ചെടുത്തതുകയാണ് 2017-18 വർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-1 ഷെഡ്യൂളിൽ തൻവർഷത്തെ ഡിമാന്റായി കാണിച്ചിരിക്കുന്നത്. ഡിമാന്റ് കണക്കാക്കാതെ ഓരോ വർഷത്തെയും കലക്ഷൻ തുകയാണ് ഡിമാന്റായി കാണിക്കുന്നത്. തൻവർഷത്തെ കലക്ഷനും അരിയർ കലക്ഷനും ഡിമാന്റ് ആയി കാണിക്കുന്നതിനാൽ 100% കലക്ഷൻ എന്ന തെറ്റായ വിവരമാണ് എ.എഫ്.എസ് പ്രകാരം ലഭ്യമാകുന്നത്. പിരിച്ചെടുക്കാനുള്ള തുകയ്ക്ക് പ്രൊവിഷൻ വയ്ക്കാത്തതിനും തൊഴിൽനികുതി ഡിമാന്റ് തയ്യാറാക്കുന്നതിലെ ആധികാരികതയ്ക്കും മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയിട്ടുണ്ട്.

2) <u>പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ/ ഓഫീസ്/ വ്യവസായ കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ഒ, തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള അന്തരം</u>

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന വിധം വാണിജ്യ/ ഓഫീസ്/ വ്യവസായ കെട്ടിടങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമനമ്പർ | തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 2085 |
| 2 | 100 ച.മീ മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 56 |
| 3 | 200 ച.മീ മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 0 |
| 4 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, | 12 |

| | | |
|---|---|---|
| | കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | |
| 5 | ഓഫീസ് ആവശ്യത്തിനുള്ളവ | 3 |
| 6 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി, കയർപിരി ഷെഡ് | 13 |
| 7 | ഇതരവ്യവസായത്തിനുള്ളവ | 30 |
| 8 | വ്യാവസായികാവശ്യത്തിനുള്ളവ | 40 |
| ആകെ | | 2239 |

സഞ്ചയ സോഫ്റ്റ്‌വേർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2239 (വാണിജ്യ/ വ്യാവസായിക/ ഓഫീസ്) കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടും ഡി ആന്റ് ഒ / തൊഴിൽ നികുതി (ട്രേഡേഴ്സ്) പരിധിയിൽ 608 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2017-18 വർഷമുൾപ്പെടെ വാണിജ്യ/ വ്യാവസായിക/ ഓഫീസ് ആവശ്യത്തിന് കെട്ടിടനമ്പറുകൾ അനുവദിക്കപ്പെട്ട മേൽ കെട്ടിടങ്ങളിൽ വ്യാപാര വാണിജ്യം ആവശ്യാർത്ഥം പഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്നുണ്ടോ? ആയത് കെട്ടിട ഉടമ വാടകയ്ക്ക് നൽകിയിട്ടുണ്ടോ? വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ഉടമയിൽനിന്നും സ്ഥാപന ഉടമകൾക്കും തൊഴിൽനികുതി ചുമത്തുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ 2239 വാണിജ്യ/വ്യാവസായിക/ഓഫീസ് സ്ഥാപനങ്ങൾക്ക് നമ്പറുകൾ നൽകിയിട്ടുണ്ട്. ആയതിൽ 30% മാത്രമാണ് ലൈസൻസ് പരിധിയിൽ വരുന്നത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയയിലെ കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. വ്യാപാര വാണിജ്യ ആവശ്യാർത്ഥം വിവിധ വർഷങ്ങളിലായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയയ്ക്കും സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യനോ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹത്യയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തേണ്ടതുണ്ട്. കൂടാതെ അത്തരത്തിൽ ഉപയോഗിക്കുന്ന സാഹചര്യത്തിൽ ആയത് തൊഴിൽനികുതി- ഡി ആന്റ് ഒ ലൈസൻസ് എന്നിവയ്ക്ക് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്നത് നിയമലംഘനവും പഞ്ചായത്തിന്റെ റവന്യൂ നഷ്ടത്തിനും ഇടയാക്കുന്നു. എന്നതിനാൽ ഫീൽഡ് പരിശോധന ഉൾപ്പെടെ നടത്തി അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം ആയത് തൊഴിൽനികുതി- ഡി ആന്റ് ഒ ചട്ടങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3) <u>ചട്ടപ്രകാരം തൊഴിൽനികുതി ഈടാക്കുന്നില്ല.</u>

ട്രേഡേഴ്സിന്റെ പക്കൽ നിന്നും ചട്ട പ്രകാരമല്ല തൊഴിൽനികുതി ഈടാക്കിയിരിക്കുന്നത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കുന്നതോടൊപ്പം നിശ്ചിത തുക തൊഴിൽനികുതി ഈടാക്കാവുന്നതാണ് എന്ന ഓഫീസ് കുറിപ്പിന്മേൽ ഈടാക്കുന്ന രീതിയാണ് അനുവർത്തിച്ചുവരുന്നത്. ഓഫീസ് ഓർഡർ പ്രകാരം തൊഴിൽനികുതി, ഡി ആന്റ് ഒ ലൈസൻസ് എന്നിവ വ്യത്യസ്ത സെക്ഷനുകളാണ് കൈകാര്യം ചെയ്യുന്നതെങ്കിലും ട്രേഡേഴ്സിന്റെ പക്കൽനിന്നും തൊഴിൽനികുതി ചുമത്തുന്നത് ഡി ആന്റ് ഒ കൈകാര്യം ചെയ്യുന്ന സെക്ഷനാണ്. വ്യക്തികൾ/ വ്യാപാരികൾ എന്നിവർക്ക് തൊഴിൽനികുതി ഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ നോട്ടീസ് നൽകിയതായി കാണുന്നില്ല. റിട്ടേൺ സമർപ്പിക്കാത്ത പക്ഷം നികുതി നിരക്ക് കണക്കാക്കുന്നതിനു സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല. കൂടാതെ ഡി ആന്റ് ഒ ലൈസൻസിനു അപേക്ഷിക്കുമ്പോൾ അതത് സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഒറ്റ തവണയായി ഈടാക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ആയതിന് പിഴപലിശ ഈടാക്കുന്നില്ല. 2017-18 വർഷത്തിൽ 608 ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചുവെങ്കിലും 485 ട്രേഡേഴ്സിന്റെ പക്കൽ നിന്നേ തൊഴിൽനികുതി ഈടാക്കിയിട്ടുള്ളൂ. മേൽ അപാകതകൾ ചൂണ്ടികാണിച്ച് ഓഡിറ്റ് എൻക്വയറി

(1/17-18 തി.26.11.2018) നൽകിയിട്ടുണ്ട്. ആയതിന് മറുപടി ഹാജരാക്കിയില്ല. അപാകതകൾക്ക് മറുപടി ഹാജരാക്കേണ്ടതാണ്.

## 2-3 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 11(3)(ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി I ഗ്രാമ പഞ്ചായത്തിൽ 150 ച. മീറ്ററിൽ താഴെയുള്ള ഗ്രൂപ്പ് A1വാസഗൃഹങ്ങൾക്ക് ച.മീറ്ററിന് 2.5 രൂപ നിരക്കിലും 150 ച.മീറ്ററിൽ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 5 രൂപ നിരക്കിലും, മറ്റെല്ലാവിധ ഒക്യുപ്പൻസികൾക്കും ച. മീറ്ററിന് 7 രൂപ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. ഭൂവികസനത്തിനുള്ള പെർമിറ്റ് ഫീ ആർസിന് 500 രൂപയാണ്. (വില്ലേജ് പഞ്ചായത്ത്- കാറ്റഗറി I) 2017-18 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം മേൽ ചട്ട പ്രകാരമുള്ള തുകയിൽ നിന്ന് കുറവായി ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം | പെർമിറ്റ് രജിസ്റ്റർ പ്രകാരം നം | അപേക്ഷകന്റെ പേര് | ഒക്യുപൻസി<br>തറ വിസ്തീർണ്ണം | ഈടാക്കേണ്ട ഫീ | ഈടാക്കിയത്,രശീതി നമ്പർ | കുറവ് |
|---|---|---|---|---|---|---|
| 1 | 33 | മനോജ്, പടിഞ്ഞാറേ പുതിയോട്ടിൽ | റസി<br>224.87 m2 | 1124 | 850 /117030100328,21.4.2017 | 274 |
| 2 | 46 | സജിത്ത്, കൊറോത്ത് | ഭൂവികസനം<br>30 സെന്റ് | 6072 | 3640 /117030101756,28.7.2017 | 2432 |
| 3 | 60 | ശോഭന, പണിക്കരുകണ്ടി | റസി<br>148.2 m2 | 371 | 286 /117030101848,2.8.2017 | 85 |
| 4 | 70 | സദാനന്ദൻ നായർ മാത്തിൽപറമ്പത്ത് | റസി<br>148.49 m2 | 371 | 140 /117030100912, 27.5.2017 | 231 |
| 5 | 76 | അബ്ദുൾനാസർ, എടപ്പറമ്പത്ത് | റസി(അഡിഷൻ)<br>106.80m2 (exi)<br>91.17m2 (pro) | 455 | 228/117030101277, 22.6.2017 | 227 |
| 6 | 97 | മനോജ് പടിഞ്ഞാറേ പുതിയോട്ടിൽ | ഭൂവികസനം<br>6.07 ആർസ് | 3036 | 1460 /117030101756, 28.7.2017 | 1576 |
| ആകെ | | | | | | 4825 |

അപാകതയ്ക്ക് മറുപടി നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/17-18 തി.27.11.2018) നൽകിയിട്ടുണ്ട്. പെർമിറ്റ് അപേക്ഷ ലഭിക്കുമ്പോൾ തന്നെ ആവശ്യമായ രേഖകൾ ഉണ്ടോയെന്ന് സെക്ഷൻ ഉറപ്പുവരുത്തേണ്ടതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തി ഫയൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗിന് കൈമാറേണ്ടതുമാണ്. സൈറ്റിലെ അളവുകളും പ്ലാനിലെ അളവുകളും പരിശോധിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുന്ന പക്ഷം പെർമിറ്റ് ഫീ കണക്കാക്കി പെർമിറ്റ് അനുവദിക്കുവാൻ മേലുദ്യോഗസ്ഥനോട് ശുപാർശ ചെയ്യേണ്ടതാണ്. മേലുദ്യോഗസ്ഥൻ പെർമിറ്റ് ഫീ ഉൾപ്പെടെ പരിശോധിച്ച് പെർമിറ്റ് അനുവദിക്കേണ്ടതാണ്. 2017-18 വർഷത്തിൽ അനുവദിച്ച 1 മുതൽ 100 വരെയുള്ള

പെർമിറ്റുകൾ പരിശോധിച്ചതിൽ കുറവ് വന്നതാണ് മുകളിലെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുറവ് വന്ന തുക ഈടാക്കേണ്ടതാണ്. 2017-18 ലെ മുഴുവൻ അപേക്ഷകളും പരിശോധിച്ച് പെർമിറ്റ് ഫീ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും നഷ്ടം ഈടാക്കേണ്ടതുമാണ്.

## 2-4 ഒരേ കെട്ടിടത്തിൽ വിവിധ നമ്പറുകൾ അനുവദിക്കുന്നതുമൂലമുള്ള നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിടനമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ 45 രൂപ നിരക്കിലും 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ നു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന (100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള) കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി 100 ച. മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) കെട്ടിടഉടമ – ശ്രീ. രാമകൃഷ്ണൻ, കിഴക്കേഅരിയിൽ

അനുവദിച്ച കെട്ടിടനമ്പറുകൾ -14/143 A, 14/143 B, 14/143 C, 14/143 D, 14/143 E, 14/143 F

പെർമിറ്റ് നമ്പർ-469/07-08 തി.10.4.2008

തറവിസ്തീർണ്ണം - 14/143 A- 19.7ച.മീ,

14/143 B- 19.7ച.മീ,

14/143 C- 19.7ച.മീ,

14/143 D- 19.7ച.മീ,

14/143 E -19.7 ച.മീ

14/143 F-19.7 ച.മീ

ആകെ- 118.2 ച.മീ

118.2 ച.മീ ഉള്ള കെട്ടിടത്തിലെ 6 റൂമുകൾക്കാണ് വ്യത്യസ്ത നമ്പർ നൽകി 45 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. (റൂമുകളുടെ തറവിസ്തീർണ്ണം 100 ച.മീ കുറവായതിനാൽ).

2) കെട്ടിടഉടമ – ശ്രീമതി. വിജയമ്മ, ദീപു, ദിപിൻ

അനുവദിച്ച കെട്ടിടനമ്പറുകൾ -1/482 A, 1/482 B, 1/482 C, 1/482 D, 1/482 E, 1/482 F

പെർമിറ്റ് നമ്പർ-197/08-09 തി9.12.2008

തറവിസ്തീർണ്ണം - 1/482 A- 24ച.മീ,

1/482 B- 103.74ച.മീ,

1/482 C- 24ച.മീ,

1/482 D- 24ച.മീ,

1/482 E -24ച.മീ

1/482 F-24ച.മീ

ആകെ- 223.74 ച.മീ

223.74 ച.മീ ഉള്ള കെട്ടിടത്തിലെ 6 റൂമുകൾക്കാണ് വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിച്ചത്. റൂമുകളുടെ തറവിസ്തീർണ്ണം 100 ച.മീ കുറവായതിനാൽ (കെട്ടിട നമ്പർ 1 482/ബി ഒഴികെ ച.മീ 45 രൂപ നിരക്കിലാണ് നികുതി ചുമത്തിയത്.

ഒരേ കെട്ടിടത്തിന്റെ ഒരേ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന വ്യത്യസ്ത മുറികൾ (ഭാഗങ്ങൾ) വ്യത്യസ്ത റൂമുകളായി നികുതി നിർണ്ണയിക്കുമ്പോൾ നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു. വ്യത്യസ്ത റൂമുകൾ ഒരേ കെട്ടിടത്തിന്റെ ഭാഗമായതിനാൽ കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണം അടിസ്ഥാനമാക്കാതെ നികുതി നിർണ്ണയിച്ചതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി (10/17-18 തി. 27.11.2018) നൽകിയിട്ടുണ്ട്. കെട്ടിടത്തിനെ വിവിധ റൂമുകളായി തിരിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിനാനുപാതികമായ നിരക്കിലാണ് നികുതി ചുമത്തേണ്ടത്. മുകളിൽ പരാമർശിച്ച 2 കെട്ടിടങ്ങളും 100 ച.മീ കവിയുന്നതിനാൽ 50 രൂപ നിരക്കിലാണ് നിർണ്ണയിക്കേണ്ടത്. കെട്ടിടങ്ങൾക്ക് അനുവദിച്ച മുഴവൻ നമ്പറുകൾക്കും 50 രൂപ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം പിരിച്ചെടുക്കേണ്ടതാണ്. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സമാന സാഹചര്യം ചൂണ്ടികാണിച്ചെങ്കിലും അപാകത ആവർത്തിക്കുന്നതായി കാണുന്നു. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിന്റെയും കുടിശ്ശിക പിരിച്ചെടുത്തതിന്റെയും വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പണി പൂർത്തിയായ 100 ച.മീ. അധികം തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഇത്തരത്തിൽ ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് കുടിശ്ശിക സഹിതം നഷ്ടം നികത്തേണ്ടതാണ്. ചട്ടപ്രകാരം നികുതികൾ നിർണ്ണയിച്ച് അതുവഴിയുള്ള വരുമാന വർദ്ധനവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വസ്തുനികുതി നിർണ്ണയം- അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, എസ്.ആർ.ഒ നമ്പർ 37/2011, എസ്.ആർ.ഒ നമ്പർ 180/2013 തി.15.3.2013 എന്നിവ അടിസ്ഥാനമാക്കിയാണ് നികുതി നിർണ്ണയിക്കേണ്ടത്.

വസ്തുനികുതിയുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 2017-18 ലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു. വിശദാംശം താഴെ കൊടുക്കുന്നു.

1) ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്തിയില്ല.

കെട്ടിട ഉടമ – ശ്രീമതി. നഫീസ, കുളത്തുംകണ്ടി

അനുവദിച്ച കെട്ടിട നമ്പറുകൾ -15/388 A, 15/388B, 15/388 C, 15/388 D, 15/388 E

പെർമിറ്റ് നമ്പർ-148/08-09 തി.19.7.2008

തറവിസ്തീർണ്ണം - 15/388 A-21.7 ച.മീ,

15/388 B-21.7 ച.മീ,

15/388 C-21.7 ച.മീ,

15/388 D-30.68 ച.മീ,

15/388 E -30.68 ച.മീ

ആകെ-126.46 ച.മീ

നികുതി നിർണ്ണയിക്കേണ്ട ഘടകങ്ങൾ - വാണിജ്യാവശ്യം, പ്രഥമമേഖല, 5 മീ. റോഡ്, കോൺക്രീറ്റ് മേൽക്കൂര

നികുതി നിരക്ക് -50 ച.മീ ന്

| ക്രമ | കെട്ടിട | സഞ്ചയ പ്രകാരം അടിസ്ഥാന | വാർഷിക വസ്തുനികുതി | നിർണ്ണിയിക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|

| നമ്പർ | നമ്പർ | വസ്തുനികുതി | (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം) | | |
|---|---|---|---|---|---|
| 1 | 15/388A | 21.7*50=1085 | 1085 | 1085+217=1302 | 217 |
| 2 | 15/388 B | 21.7*50=1085 | 1085 | 1085+217=1302 | 217 |
| 3 | 15/388C | 21.7*50=1085 | 1085 | 1085+217=1302 | 217 |
| 4 | 15/388D | 30.68*50=1534 | 1534 | 1534-76.7+217=1675 | 141 |
| 5 | 15/388E | 30.68*50=1534 | 1534 | 1534-76.7+217=1675 | 141 |

കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ 8 മീ റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗമാണ് കാണിച്ചിരിക്കുന്നത്. 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയിൽ നിന്നുള്ള പ്രവേശനമാർഗ്ഗത്തിന് 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ സഞ്ചയയിൽ റോഡിന്റെ തരം 1.5 മീ കൂടുതലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി (9/17-18 തി. 27.11.2018) നൽകിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തുനികുതിയിന്മേൽ വർദ്ധനവ്/ ഇളവ് വരുത്തേണ്ട മാനദണ്ഡങ്ങൾ ഓവർസിയറുടെ പരിശോധനറിപ്പോർട്ടും കംപ്ലീഷൻ പ്ലാനും പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. ആവശ്യമായ രേഖകൾ ഉണ്ടായിരിക്കെ വേണ്ടത്ര പരിശോധനകൂടാതെയാണ് നികുതി ചുമത്തുന്നത്. മാനദണ്ഡങ്ങൾ പരിശോധിച്ച് നികുതി കണക്കാക്കി സെക്ഷൻ ക്ലർക്ക് മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും മേലുദ്യോഗസ്ഥൻ രേഖകളും നികുതി കണക്കാക്കിയതും പരിശോധിക്കേണ്ടതുമാണ്. നികുതി നിർണ്ണയിച്ചതിനുശേഷം അത്തരത്തിൽ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തേണ്ടതും ഫോറം 6 പ്രിന്റെടുത്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. 15/388 A മുതൽ E വരെയുള്ള കെട്ടിടങ്ങൾക്ക് മേൽ പട്ടികയിൽ കാണിച്ച പ്രകാരം വർദ്ധനവ് വരുത്തേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയിന്മേൽ മാനദണ്ഡങ്ങൾക്കനുസൃതമായി വർദ്ധനവും ഇളവും വരുത്തേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നിർണ്ണയിച്ച ഓരോ കെട്ടിടത്തിനും നികുതി നഷ്ടമില്ല എന്ന് സെക്ഷൻ, മേലുദ്യോഗസ്ഥർ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലേറെ കെട്ടിടത്തിന് നികുതി ഇളവ് നൽകി

സഞ്ചയ അസസ്മെന്റ് (ഫോറം 6) പരിശോധിച്ചപ്പോൾ ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലേറെ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 2/220 | 10 ച.മീ | അബ്ദുൾകരീം, പുത്തൻവീട്ടിൽ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 2 | 2/228 | 19 ച.മീ | അബ്ദുൾകരീം, പുത്തൻവീട്ടിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 2/309 | 216 ച.മീ | മാനേജർ, കുന്നത്തറ ടെക്സ്റ്റയിൽസ് | കാരണം രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | 2/310 | 345 ച.മീ | മാനേജർ, കുന്നത്തറ ടെക്സ്റ്റയിൽസ് | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 5 | 2/311 | 417 ച.മീ | മാനേജർ, കുന്നത്തറ ടെക്സ്റ്റയിൽസ് | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 6 | 4/156A | 10 ച.മീ | പെണ്ണുകുട്ടി, കണ്ണിപ്പൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 7 | 4/156B | 10 ച.മീ | പെണ്ണുകുട്ടി, കണ്ണിപ്പൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 8 | 4/156C | 10 ച.മീ | പെണ്ണുകുട്ടി, കണ്ണിപ്പൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 9 | 5/138 | 48.19 ച.മീ | ബിജു, ചമരങ്ങാട്ട് മലയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 10 | 5/138A | 25 ച.മീ | ബിജു, ചമരങ്ങാട്ട് മലയിൽ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 11 | 6/408 | 10 ച.മീ | രാമൻകുട്ടി, മണലിൽ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 12 | 6/409 | 10ച.മീ | രാമൻകുട്ടി, മണലിൽ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 13 | 7/214A | 15ച.മീ | ഓണത്തിര, മേലേടത്ത് കണ്ടി | കാരണം രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 14 | 7/214B | 15 ച.മീ | ഓണത്തിര, മേലേടത്ത് കണ്ടി | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 15 | 7/257B | 25 ച.മീ | കല്യാണി, ചെറുവലത്ത്പൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 16 | 7/257C | 12 ച.മീ | കല്യാണി, ചെറുവലത്ത്പൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 17 | 3/139 | 16.47 ച.മീ | റീത്ത.എൻ.കെ, നടുക്കണ്ടി | വാർഡ് വൈസ് അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |
| 18 | 3/140 | 16.47 ച.മീ | റീത്ത.എൻ.കെ, നടുക്കണ്ടി | |
| 19 | 3/226 | 87 ച.മീ | രാധാകൃഷ്ണൻ, തെക്കേയിൽ | |
| 20 | 3/227 | 70 ച.മീ | രാധാകൃഷ്ണൻ, തെക്കേയിൽ | |
| 21 | 3/91 | 18 ച.മീ | വേലായുധൻനായർ, തെക്കേയിൽ മീത്തൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 22 | 3/92A | 44.84 ച.മീ | വേലായുധൻനായർ, തെക്കേയിൽ മീത്തൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 23 | 17/65 | 15 ച.മീ | അബ്ദുറഹിമാൻകുട്ടി, മലയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 24 | 17/66 | 15 ച.മീ | അബ്ദുറഹിമാൻകുട്ടി, മലയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 25 | 17/67 | 25 ച.മീ | അബ്ദുറഹിമാൻകുട്ടി, മലയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 26 | 17/108 | 15 ച.മീ | കുഞ്ഞിമായിൻ, ചെറിയേരിപൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 27 | 17/111 | 25 | കുഞ്ഞിമായിൻ, ചെറിയേരിപൊയിൽ | സർക്കാർ ഉത്തരവ് (എം എസ്) നം 358/15 |
| 28 | 17/112 | 15 | കുഞ്ഞിമായിൻ, ചെറിയേരിപൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 29 | 17/113 | 30 | കുഞ്ഞിമായിൻ, ചെറിയേരിപൊയിൽ | കാരണം രേഖപ്പെടുത്തിയിട്ടില്ല |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ. (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം നികുതി ഒഴിവ് നൽകുന്നത് ഒരു ഉടമസ്ഥതയിലെ സ്വന്തം താമസത്തിനുപയോഗിക്കുന്നതുമായ ഒരു കെട്ടിടത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 207 (2) പ്രകാരം സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമപഞ്ചായത്തിനും നികുതി ഒഴിവാക്കാവുന്നതാണ്. മേൽ പറഞ്ഞ കെട്ടിടങ്ങളിൽ നികുതി ഒഴിവ് നൽകാനുണ്ടായ കാരണം, കെട്ടിടത്തിന്റെ ഉപയോഗക്രമം എന്നിവ വിശദീകരിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/17-18 തി.28.11.2018) നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ കെട്ടിടങ്ങളിൽ നികുതി ഒഴിവ് നൽകാനുണ്ടായ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല. നികുതി ഒഴിവ് നൽകാനുണ്ടായ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുമരാമത്ത് പദ്ധതികൾ :പദ്ധതി മാർഗ്ഗരേഖയ്ക്കനുസരിച്ച് രൂപീകരിക്കുന്നില്ല

അത്തോളി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ വേളകളിൽ, ജി.ഒ.(എം.എസ്)72/2017/ത.സ്വ.ഭ.വ തിയ്യതി.29-03-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കുകയുണ്ടായില്ല.

എ) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷത്തിലെ പദ്ധതികളുമായി ബന്ധപ്പെട്ട്,19-07-2016ന ശേഷം 10-02-2017,07-03-2017, 11-05-2017,12-02-2017 എന്നീ തിയ്യതികളിലാണ് യോഗം ചേർന്നത്.എന്നാൽ ഈ യോഗങ്ങളിലൊന്നും തന്നെ പ്രൊജക്ടുകളുടെ വിജയ സാധ്യത ഉറപ്പുവരുത്തുകയും വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടില്ല.

ബി) വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാരേഖയിൽ പറയുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായാണ് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത്.സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി കാണുന്നില്ല.07-03-2017ലെ യോഗത്തിൽ,നിലവിലെ റോഡ് മെയിന്റനൻസിന് മുൻഗണന നൽകുക, പരമാവധി ഗ്രാമീണ റോഡുകൾ, നടപ്പാതകൾ എന്നിവ നിർമ്മിക്കുക എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റാറ്റസ്

റിപ്പോർട്ടിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച തിയ്യതിക്ക നേരെ ഒന്നും ചേർത്തിട്ടില്ല. പ്രൊജക്ടുകൾ സംബന്ധിച്ച് ക്രിയാത്മകമായ പങ്ക് വർക്കിംഗ് ഗ്രൂപ്പ് വഹിക്കുകയുണ്ടായിട്ടില്ല.

സി) വാർഡ് അടിസ്ഥാനത്തിലല്ലാതെ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടു വേണം പ്രൊജക്ട് തയ്യാറാക്കാൻ.പ്രൊജക്ടുകളുടെ എണ്ണം കുറച്ച് ഫലപ്രാപ്തി കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും പഞ്ചായത്ത് കൂടുതൽ പ്രവർത്തികൾ ഏറ്റെടുക്കുകയും അതിൽ ഭൂരിപക്ഷവും നടപ്പിലാക്കാൻ സാധിക്കാതെയും വരുന്നു. ഓഡിറ്റ് വർഷം പദ്ധതിയിലുൾപ്പെടുത്തിയ 183 പൊതുമരാമത്ത് പ്രവർത്തികളിൽ കേവലം 98എണ്ണം മാത്രമാണ് നടപ്പിലാക്കാനായത്.

ഡി) പ്രൊജക്ട് നടപ്പാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് സമിതിയായി മാറണമെന്ന നിർദ്ദേശമുണ്ടെങ്കിലും പല പ്രവൃത്തികളും മോണിറ്ററിംഗ് നടത്തി കാണുന്നില്ല.

ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ മേൽ ഖണ്ഡികകളിൽ പറഞ്ഞ അപാകതകൾ തീർത്തും ഒഴിവാക്കേണ്ടതാണ്.

## 3-2 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ.(പി)13/2012/പി.ഡബ്ള്യു.ഡി തിയ്യതി 01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, പരമാവധി 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്.എന്നാൽ അത്തോളി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല പൊതുമരാമത്ത് പ്രവർത്തികളിലും കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,<br>പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,<br>ടെണ്ടർ നിരക്ക് | ബിൽ<br>നമ്പർ,തുക |
|---|---|---|---|---|
| 1 | നാലുകണ്ടി മീത്തൽ<br>പുല്ലില്ലാമല റോഡ് (206/18) | 400,000 | ഷമേജ്.ടി,എസ്റ്റിമേറ്റ് 17.3%നിരക്ക് കുറവ് | 24/26-08-2017,<br>330,800/- |
| 2 | എടക്കണ്ടിതാഴെ<br>കരുമനക്കൽ താഴെ ഫുട്പാത്ത്<br>(226/18) | 200000 | അനിൽകുമാർബാബു,<br>എസ്റ്റിമേറ്റ് നിരക്ക് | 20/26-08-2017,<br>186242/- |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | കരാർ തുക | പൂർത്തീ കരിക്കേണ്ട തിയ്യതി, കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയ ളവിന്റെ 25%) | തുടർന്നുള്ള ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ 2% (കാലയ ളവിന്റെ 25%*തവണ) | ആകെ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 1 | നാലുകണ്ടി മീത്തൽ പുല്ലില്ലാമല റോഡ് (206/18)) | 330800 | 62ദിവസം (31-03-2017) | 19-05-2017 (49 ദിവസം) | 3308 (16ദിവസം) | (33ദിവസം/16 =2.06) 6616 x 2.06 = 13629 | 16937 |
| 2 | എടക്കണ്ടിതാഴെ കരുമനക്കൽ താഴെ ഫുട്പാത്ത് (226/18) | 200000 | 105ദിവസം (31-03-2017) | 19-06-2017 (80 ദിവസം) | 2000 (27 ദിവസം) | (53ദിവസം/ 27=1.96) 4000x1.96=7840 | 9840/- |
| | ആകെ | | | | | | 26,777/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല.ഇത് ഗ്രാമ പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു.ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് അംഗീകരിക്കാനാവില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് സംഭവിച്ച 26,777/- രൂപയുടെ നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പമ്പ് സെറ്റ് വിതരണം: കൈവശ ഭൂമിയുടെ കൃത്യത ഉറപ്പുവരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് : ജലസേചന പമ്പ് സെറ്റ് വിതരണം

പ്രൊജക്ട് നമ്പർ : 162/2017-18

ബിൽ നമ്പർ, തുക : 4/25-01-2018, 67,801/-

: 13/16-03-2018, 53,787/-

: 15/24-03-2018, 25,083/-

ആകെ 146,671/-രൂപ 20 ഗുണഭോക്താക്കൾക്ക് പമ്പുസെറ്റ് വാങ്ങിയതിന് സബ്സിഡിയായി മേൽ ബില്ലുകൾ പ്രകാരം നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് നാമമാത്ര/ചെറുകിട കർഷകർക്ക് മാത്രമെ പമ്പ് സെറ്റിന് സബ്സിഡി നൽകാൻ പാടുള്ളൂ. എന്നാൽ ധനസഹായം അനുവദിച്ച 20 ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിച്ചപ്പോൾ 5 ഏക്കറിൽ കൂടുതൽ കൈവശ ഭൂമിയില്ലെന്ന് ഉറപ്പുവരുത്തിയില്ല.കൂടാതെ ഗുണഭോക്താക്കളുടെ കാർഷികാവശ്യവും സാധ്യതയും സംബന്ധിച്ച് കൃഷിഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ

ഇങ്ങനെയൊരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല പമ്പ്സെറ്റിന് സബ്സിഡി നൽകിയിരിക്കുന്നത്. 11 ഗുണഭോക്താക്കൾക്ക് കൃഷി വകുപ്പ് മുഖേന പമ്പ്സെറ്റ് സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുമ്പോൾ കൃഷി വകുപ്പ് മുഖേനയുള്ള സ്രോതസ്സ് പരിഗണിക്കുകയുണ്ടായിട്ടില്ല. ഗ്രാമസഭയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വരുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിൽ നിർവഹണഉദ്യോസ്ഥനും വികസന സ്റ്റാന്റിംഗ് കമ്മറ്റിക്കും വീഴ്ച വന്നതിനാലാണ് മേൽ അപാകതകൾ സംഭവിച്ചത്. മേൽ രണ്ട് രേഖകളുടെ അഭാവം കാരണം 146,671/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു

പ്രൊജക്ട് :നെൽകൃഷി വികസനം

പ്രൊജക്ട് നമ്പർ :151/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ,തുക : 1) 6/17-02-2018, 85,000 /-

2) 10/16-03-2018, 85,000 /-

മേൽ പ്രൊജക്ട് പ്രകാരം പുഞ്ചകൃഷി ചെയ്ത16 പേർക്കും മകരകൃഷി ചെയ്ത 31 പേർക്കും കൂലിച്ചെലവിലേക്കായി ധനസഹായം നൽകുകയുണ്ടായിട്ടുണ്ട്. ധനസഹായം നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | ബിൽ നമ്പർ,തുക | ഗുണഭോക്താക്കളുടെ എണ്ണം | കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി | സബ്സിഡി തുക |
|---|---|---|---|---|
| 1 | 6/17-02-2018, 85,000/- | 31 | 5 ഹെക്ടർ | 85,000 |
| 2 | 10/16-03-2018, 85,000 /- | 16 | 5 ഹെക്ടർ | 85,000 |
| | | 47 | | 170,000 |

അത്തോളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന കർഷകർക്ക്/ പാടശേഖര സമിതികൾക്ക് പഞ്ചായത്തിന്റെ മേൽ ധനസഹായം കൂടാതെ കൃഷി വകുപ്പ് മുഖേനയുള്ള നെൽകൃഷി കൂലിചെലവ് സബ്സിഡി 2017-18 വർഷത്തിൽ നൽകുകയോ/2017-18 വർഷത്തെ കൂലിചെലവായി പിന്നീട് നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറി (3/26-11-2018ന്) നൽകിയതിന് കൃഷി വകുപ്പ് മുഖേന കൂലിച്ചെലവ് നൽകിയിട്ടില്ലെന്ന് കൃഷി ഓഫീസർ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ. (എം.എസ്) 80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് നാമമാത്ര /ചെറുകിട കർഷകർക്ക് അവർ കൃഷിചെയ്ത ഭൂവിസ്തൃതിക്കനുസരിച്ചാണ് നെൽകൃഷി ചെയ്തതിനുള്ള കൂലിചെലവ് സബ്സിഡി നൽകേണ്ടത്. എന്നാൽ മേൽപറഞ്ഞ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തി കൂലിച്ചെലവ് സബ്സിഡി കണക്കാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം മുൻകൂറായി വിള ഇൻഷൂറൻസ് ,ചെയ്തവർക്ക് മാത്രമേ സബ്സിഡി നൽകാവൂ.എന്നാൽ 47ഗുണഭോക്താക്കൾക്കും (ആകെ 170,000/-രൂപ) കൂലിച്ചെലവ് സബ്സിഡി നൽകിയത് വിള ഇൻഷൂറൻസ് ചെയ്തതിന്റെ ബോണ്ട് ഹാജരാക്കാതെയാണ്.പ്രിൻസിപ്പൾ അഗ്രി.ഓഫീസർ, കോഴിക്കോടിന്റെ പേരിലുള്ള 100011201000217 അക്കൌണ്ടിലേക്ക് 1250/-രൂപ 5 ഹെക്ടർ കൃഷി ഭൂമിയിലെ വിള ഇൻഷൂറൻസ് അടച്ചതായി കാണിക്കുന്ന കോഴിക്കോട് സഹകരണ ബാങ്ക് അത്തോളി ബ്രാഞ്ചിന്റെ പേ ഇൻ സ്ലിപ്പിന്റെ ഫോട്ടോകോപ്പി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഇത് മറ്റൊരു ബിൽ പ്രകാരം മാറിയ 85,000/-രൂപയുടെ വിള ഇൻഷൂറൻസ് ആണ്. എന്നാൽ മറ്റേ ബിൽ പ്രകാരം 85,000/-രൂപ കൂലി ചെലവ് നൽകിയതിനുള്ള വിള ഇൻഷൂറൻസ് രേഖകൾ/ ചലാൻ ഹാജരാക്കുകയുണ്ടായില്ല.

3) ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.8.1(5) അനുസരിച്ച് നിലമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 1/17(3)/30-10-2017 നമ്പർ തീരുമാനപ്രകാരവും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വേണം ഗ്രൂപ്പുകൾക്ക്

നെൽകൃഷി പ്രോത്സാഹന പ്രൊജക്റ്റിന് നിലമൊരുക്കേണ്ടതെന്ന് വ്യക്തമാക്കുന്നു.എന്നാൽ ഫയലിനൊപ്പം സൂക്ഷിച്ച വൌച്ചറുകൾ നിലമൊരുക്കുന്നതിനായി ചെലവഴിച്ച തുകയുള്ളതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്ന് ജി.ഒ(എം.എസ്) 80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.2.3ൽ വ്യക്തമാക്കുന്നു. മുൻകൂറായി വിള ഇൻഷുറൻസ് ചെയ്യുവർക്ക് മാത്രമേ സബ്സിഡി നൽകാവൂ എന്ന സർക്കാർ ഉത്തരവ് മേൽ രണ്ട് ബില്ലുകളിലായി സബ്സിഡി നൽകിയ 170,000/-രൂപയിൽ ഒരു ബില്ലിലെ 85,000/-രൂപയ്ക്ക് മാത്രമാണ് പാലിക്കപ്പെട്ടത്. രേഖകളുടെ അഭാവത്തിൽ 85,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

മറ്റു അപാകതകൾ പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ:

അപാകത 1:ഗുണഭോക്താക്കളുടെ പുഞ്ച നെൽകൃഷിക്കുപയുക്തമായ കൃഷി ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ്/പാട്ടകൃഷി നടത്തുകയാണെങ്കിൽ പാട്ടക്കരാറിന്റെ കോപ്പി ഹാജരാക്കുക.

അപാകത 2:പ്രിൻസിപ്പൾ അഗ്രി.ഓഫീസർ,കോഴിക്കോടിന്റെ പേരിലുള്ള 100011201000217 അക്കൌണ്ടിലേക്ക് 1250/-രൂപ അടച്ചതായി കാണിക്കുന്ന കൂലിച്ചെലവ് നൽകിയവരുടെ പേരിലുള്ള വിള ഇൻഷുറൻസ് ബോണ്ട് ഹാജരാക്കേണ്ടതുമാണ്.

അപാകത 3:ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ നിലമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

കാർഷിക മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോഴും നടപ്പിലാക്കുമ്പോഴും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായാണെന്ന് ഉറപ്പുവരുത്താൻ വേണ്ട ഇടപെടലുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതാണ്.

## 3-5 ഗുണഭോക്താക്കൾക്ക് തുക ലഭിച്ചെന്ന് ഉറപ്പുവരുത്തിയില്ല

പ്രൊജക്ട് :ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്

പ്രൊജക്ട് നമ്പർ :41/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

ബിൽ നമ്പർ,തുക : 1) 1/11-01-2018, 275,847 /- രൂപ

2) 2/21-01-2018, 224,153 /- രൂപ

ചെക്ക് നമ്പർ,തുക : 3) 9493754/24-03-2018, 200,000 /- രൂപ

3) 9493753/24-03-2018, 100,000 /- രൂപ

മേൽ പ്രൊജക്ടുകൾ പ്രകാരം അളക്കുന്ന പാലിന് ഇൻസെന്റീവ് ആയി ക്ഷീര കർഷകർക്ക് മേൽ ബില്ലുകൾ/ ചെക്കുകൾ പ്രകാരം 800,000/-രൂപ നൽകിയിട്ടുണ്ട്. തുക വരവ് വെച്ചിട്ടുള്ളത് പഞ്ചായത്തിലെ 4 ക്ഷീര സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ്. സംഘങ്ങളുടെ അക്കൗണ്ടിൽ നിന്നും തുകകൾ ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് യഥാസമയം ഇൻസെന്റീവ് വിതരണം നടത്തിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ കാണിക്കുന്നു.

| | ക്ഷീര സഹകരണ സംഘത്തിന്റെ പേര് | ക്ഷീരസഹകരണ സംഘത്തിന്റെ അക്കൗണ്ടിലേക്ക് തുക വന്ന തിയ്യതി | ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം നടത്തിയ തിയ്യതി |
|---|---|---|---|
| 1 | മൊടക്കല്ലൂർ ക്ഷീര സഹകരണ സംഘം | 11-01-2018, 22-02-2018, 27-03-2018 | 11-05-2018, 13-06-2018, 28-11-2018 |

ധനസഹായം അനുവദിച്ച് നൽകി 10 മാസം കഴിഞ്ഞിട്ടും യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെന്ന് ഉറപ്പ

വരുത്തിയിട്ടില്ല. പ്രൊജക്ട് നടപ്പാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് സമിതിയായി മാറണമെങ്കിലും ഈ പ്രൊജക്ടിൽ അത്തരത്തിലുള്ള ഒരു മോണിറ്ററിംഗ് നടത്തി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി- (23/29-11-2018)ക്ക് മറുപടി നൽകിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെന്ന് ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവുതുക 300,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വിൽപ്പനക്കാർക്ക് പകരം സ്വന്തം മകളുടെ അക്കൌണ്ടിലേക്ക് തുക കൈമാറി

പ്രൊജക്ട് :ആട് വളർത്തൽ

പ്രൊജക്ട് നമ്പർ :263/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നമ്പർ,തുക : 1) 1/19-01-2018, 5250 /- രൂപ

മേൽ പ്രൊജക്ട് പ്രകാരം 3500/-രൂപ നിരക്കിൽ 10,500/-രൂപയ്ക്ക് മൂന്ന് ആടുകളെ വാങ്ങിയതിന് ലക്ഷ്മിയമ്മ,W/o ദാമോദരക്കുറുപ്പ്, ഉണിച്ചിരക്കണ്ടി എന്നവർക്കുള്ള സബ്സിഡി തുക 5250/-രൂപ വിനീത, D/o ദാമോദരക്കുറുപ്പ്, ഉണിച്ചിരക്കണ്ടി എന്നവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളുമടങ്ങിയ കമ്മിറ്റിയാണ് ആടുകളെ വാങ്ങേണ്ടത്. എന്നാൽ സ്വന്തം അമ്മയ്ക്ക് മൂന്ന് ആടിനെ വിറ്റിട്ടുണ്ടെന്ന വിനീതയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക വിനീതയുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തത്. ഈ അപാകതകൾ വിശദീകരിക്കപ്പെടേണ്ടതാണ്. യഥാർത്ഥത്തിൽ ഗുണഭോക്താവ് 3 ആടുകളെ വാങ്ങുകയുണ്ടായിട്ടുണ്ടോയെന്നും അല്ലെങ്കിൽ തന്റെ തന്നെ ആടിനെ വിറ്റതായി കാണിച്ച് മകളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക ക്രഡിറ്റ് ചെയ്യിപ്പിക്കുകയാണോയെന്ന് മോണിട്ടറിംഗ് സമിതി പരിശോധിച്ച് ഉറപ്പാക്കുകയുണ്ടായിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്ന് ജി.ഒ. (എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ.2.3ൽ വ്യക്തമാക്കുന്നു. ചെലവ് തുക 5,250/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 വിശദമായ എസ്റ്റിമേറ്റും സാങ്കേതികാനുമതിയുമില്ലാതെ ഇലക്ട്രിക്കൽ ലൈൻ നീട്ടൽ പ്രവൃത്തിക്ക് ഡെപ്പോസിറ്റ് ചെയ്തു.

പ്രോജക്ട് 26/18 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ - 2393000 ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് 2393000 ബിൽ 10/17-18 8.11.17

തെരുവു വിളക്കുകൾ സ്ട്രീറ്റ് മെയിനിൽ കൊണ്ടു വരുന്നതിനായി 54 കിലോമീറ്റർ ദൂരം ലൈൻ പുതുതായി വലിക്കേണ്ടി വരുമെന്നും ആയതിനായി 38,50,000.രൂപയും മീറ്റർ സ്ഥാപിക്കാൻ 472500 രൂപയുമടക്കം ആകെ 4322500 രൂപ ചെലവു വരുമെന്നും കെ.എസ്.ഇ.ബി. അത്തോളി സെക്ഷൻ അസി. എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷം 28,01,000/- രൂപ (13,90,000+14,11,000) ഡെപ്പോസിറ്റ് ചെയ്തിരുന്നു. (ഡെപ്പോസിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം) ആയത് കൂടാതെ തൻ വർഷം മുകളിൽ ചേർത്ത പ്രകാരം 23,93,000/- രൂപയും ഡെപ്പോസിറ്റ് ചെയ്തു. 2016-17 വർഷം ആകെ ചെലവ് 4322500/- രൂപയാണ് കെ.എസ്.ഇ.ബി. അടവാക്കാൻ അറിയിച്ചതെങ്കിലും അതിൽ നിന്നും നിന്നും വിഭിന്നമായി 871500 രൂപ 2016-17, 2017-18 വർഷങ്ങളിലായി കെ.എസ്.ഇ.ബി. ക്ക് അധികം നൽകാനിടയായി. പ്രവൃത്തിയുടെ മൊത്തം ചെലവ് കാണിക്കുന്ന വൈദ്യുതി വകുപ്പിലെ പ്രസക്തനായ ഉദ്യോഗസ്ഥന്റെ സാങ്കേതികാനുമതിയോടു കൂടിയ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് മേൽപ്പറഞ്ഞ തരത്തിൽ 52 ലക്ഷത്തോളം രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയതത്. ആകെ പ്രവൃത്തിക്കുള്ള കരാർ വച്ച് കൃത്യമായ ഉടമ്പടികൾ രേഖപ്പെടുത്തുന്നതിന് പകരം ഒരോ വർഷവും നൽകുന്ന തുകയ്ക്കുള്ള കരാർ മാത്രമാണ് ചമയ്ക്കുന്നത്. കൃത്യമായ

പ്രവൃത്തി പൂർത്തീകരണ വിവരവും കാലാനുഗതമായ പ്രവൃത്തി പുരോഗതിയും വൈദ്യുത വകുപ്പ് പഞ്ചായത്തിനെ അറിയിക്കുകയോ പഞ്ചായത്ത് ആയത് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. വൻ തുക നിക്ഷേപിച്ചെങ്കിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രവൃത്തി പുരോഗതി വിലയിരുത്തിയില്ല.

അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതിപ്പണത്തിന്റെ വിനിയോഗം നിരീക്ഷിക്കാൻ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണം, മൂല്യനിർണ്ണയം എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം

പ്രോജക്ട് 40/18 - പട്ടിക ജാതിയിൽപ്പെട്ട 8,9,10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ

അടങ്കൽ 544000 എസ് സി പി

ചെലവ് 303240 ബിൽ 7/17-18 27.3.18 - 299250/- രൂപ

ബിൽ 11/17-18 27.3.18 - 3990/- രൂപ

പട്ടിക ജാതിയിൽപ്പെട്ട 8,9,10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. സ്കൂൾ അധികൃതർ നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭാ സാധൂകരണം വാങ്ങി പഞ്ചായത്ത് തലത്തിൽ സമഗ്രമാക്കുന്ന പട്ടിക പ്രകാരമുള്ള വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ പഞ്ചായത്ത് സമഗ്രമാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ഗ്രാമസഭാ മിനുട്സിൽ കുറച്ച് പേരെ പിന്നീട് എഴുതി ചേർത്തതായും കാണുന്നു.

1. അനാമിക D/o ബബിത ഒതയോത്ത് പറമ്പ് വാർഡ് 7
2. ആരതി സുരേഷ് നടുവിലക്കണ്ടി വേളൂർ വാർഡ് 1
3. ആദർശ് എ.കെ S/o വിനോദ് കുമാർ അയനിപ്പുറത്ത് മീത്തൽ കൊളക്കാട് വാർഡ് 8
4. ദേവഗംഗ ചെത്തിൽ മീത്തൽ വാർഡ് 8
5. അക്ഷയ് സുരേന്ദ്രൻ ചെത്തിൽ വാർഡ് 8
6. അഭിൻരാജ് കുയ്യാലിൽ മീത്തൽ വാർഡ് 4

അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഒരു സൈക്കിളിന് 3990 രൂപ വീതം 6 വിദ്യാർത്ഥികൾക്ക് നൽകിയ 23940 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-9 അർഹത ഉറപ്പ് വരുത്താതെ പഠനമുറിക്ക് ധനസഹായം

പ്രോജക്ട് നമ്പർ 252/18

അടങ്കൽ 486417

ചെലവ് ബിൽ നം. 6/17-18 17.3.18 30000/- രൂപ

ബിൽ നം. 8/17-18 30.3.18 50000/- രൂപ
ആകെ ചെലവ് 80,000/- രൂപ

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്കുള്ള ധനസഹായം നൽകുന്നതിനായാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

സർക്കാർ ഉത്തരവുകൾ നം.1683/17/ത.സ്വ.ഭ.വ., തിയ്യതി: 23.5.17, 626/2016/ത.സ്വ.ഭ.വ, തിയ്യതി 15.02.2016 എന്നിവ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുവാൻ വീടിനൊപ്പം സൗകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. ഇതിനായി നിലവിലുള്ള 800 സ്ക്വയർ ഫീറ്റിൽ (74.5 സ്ക്വയർ മീറ്റർ) അധികമില്ലാത്ത വീടിനോട് ചേർന്ന് 100 സ്ക്വയർ ഫീറ്റിൽ അധികമാകാത്ത പഠനമുറി

നിർമ്മിക്കാൻ ധനസഹായം നൽകാം. ഓഡിറ്റ് വർഷത്തിൽ പഠനമുറി നിർമ്മാണത്തിനായി രണ്ടു പേർക്ക് മുൻ വർഷത്തെ ബാലൻസ് തുക നൽകി . എന്നാൽ ഇവരുടെ അർഹത ഉറപ്പാക്കുന്നതിനുതകുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ധനസഹായം കൈപ്പറ്റിയവരുടെ നിലവിലെ വീടിന്റെ വിസ്തൃതി, പണിയാനുദ്ദേശിക്കുന്ന മുറിയുടെ വിസ്തൃതി എന്നിവ പരിശോധിക്കുന്നതിന് ബിൽഡിംഗ് പ്ലാനോ, പഞ്ചായത്തിൽ നിന്നുള്ള നിർമ്മാണാനുമതിയോ ലഭ്യമാക്കിയിട്ടില്ല. അസി. എഞ്ചിനീയർ/ഓവർസിയർ കൃത്യമായ അളവുകളെടുത്ത് മൂല്യനിർണ്ണയം നടത്തിയിട്ടുമില്ല. അർഹത ഉറപ്പു വരുത്താതെ/ മൂല്യനിർണ്ണയം നടത്താതെ നൽകിയ ധനസഹായ തുക 80000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-10 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം പുതുക്കിയ ശമ്പളത്തിന് ആനുപാതികമാക്കി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടിബ്യൂഷൻ 2017-18 വർഷത്തിൽ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി അറിയിക്കേണ്ടതാണ്.

## 3-11 അങ്കണവാടികൾക്ക് ഗ്യാസ് സിലിണ്ടർ വാങ്ങിനൽകിയതിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിലെ 3 അങ്കണവാടികൾക്ക് പുതിയ ഗ്യാസ് കണക്ഷൻ നൽകുകയും 28 അങ്കണവാടികൾക്ക് അഡീഷണൽ സിലിണ്ടർ നൽകുകയും ചെയ്യുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 11/18 |
| അടങ്കൽ | 204250 |
| ഫണ്ട് | എം.ജി.(n.r) |
| ചെലവ് | 81781/- |
| ബിൽനം / തിയ്യതി | 8/18 / 7.3.18 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന കണക്ഷനാണ് അങ്കണവാടികൾക്ക് നൽകിയത്. ഗാർഹിക ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സബ്സിഡി അങ്കണവാടികൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2. 2015-16 സാമ്പത്തിക വർഷത്തിലാണ് അങ്കണവാടികളിൽ ഗ്യസ് കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയത്.എന്നാൽ ആ വർഷം മുതൽ സബ്സിഡി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നെങ്കിലും, അത്തരത്തിലുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മാത്രമല്ല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല

3.അങ്കണവാടി വർക്കറുടെയും സൂപ്പർവൈസറുടെയും പേരിലുള്ള ഫ്ലക്സി അക്കൗണ്ടുകൾ സബ്സിഡി ലഭിക്കുന്നതിനായി ആധാറുമായി ലിങ്ക് ചെയ്തിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/17-18/dt.27.11.2018) ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ മറുപടിയിൽ ഗ്യാസ് കണക്ഷൻ അങ്കണവാടിയുടെ പേരിലാണെന്നും അതിനാൽ ആധാറുമായി ലിങ്ക് ചെയ്യാൻ പ്രയാസമാണെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല ഫ്ലക്സി ഫണ്ട് ആധാറുമായി ലിങ്ക്ചെയ്യാൻ അങ്കണവാടി വർക്കറുടെ ആധാർ ഉപയോഗിക്കുമ്പോൾ ഫ്ലക്സി അക്കൗണ്ടിന് മുൻപെ ആധാർ ലിങ്ക് ചെയ്ത വ്യക്തിഗത അക്കൗണ്ടുകളുണ്ടെങ്കിൽ ആ അക്കൗണ്ടുകളിലേക്ക് സബ്സിഡി പോകാൻ സാധ്യതയുണ്ടെന്നുമാണ്. താൽക്കാലിക വർക്കർമാർ ജോലി ചെയ്യുന്ന അങ്കണവാടികളിൽ ഇവരുടെ ആധാർ ലിങ്ക് ചെയ്യാൻ ബുദ്ധിമുട്ടാണെന്നും അറിയിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ അങ്കണവാടികൾക്ക് ഗാർഹിക ഗ്യാസ് കണക്ഷൻ ലഭിച്ചെങ്കിലും ഓഡിറ്റ് തിയ്യതിവരെയും സബ്സിഡി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ഗൗരവമായി കാണേണ്ടതാണ്. 2015-16 വർഷം മുതൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന ഭീമമായ തുക ഗ്രാമ പഞ്ചായത്തിന്റെ അശ്രദ്ധമൂലം ലഭിക്കാതിരിക്കുന്ന സാഹചര്യം നീതീകരിക്കത്തക്കതല്ല.ആയതിനാൽ അങ്കണവാടികളിലെ ഗ്യാസ് കണക്ഷന് സബ്സിഡി ലഭ്യമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-12 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 4/18 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസനം, തനത് |
| ചെലവ് | 386490/- |
| ബിൽനം / തിയ്യതി | 8/18 / 7.3.18 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്.ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോയോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. മാത്രമല്ല ഈ യോഗത്തിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും,വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട്കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഈ കമ്മിറ്റി 7.01.2017 ന് യോഗം ചേർന്നതിന് ശേഷം 20.07.2017 നാണ് യോഗം ചേർന്നത്.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്.(മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്റ്റിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത് മാത്രമല്ല വാഹന ഉപയോഗവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

(a) ഓരോ തവണ ഇന്ധന നിറയ്ക്കുമ്പോഴും ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.

(b) നിശ്ചിത സമയങ്ങളിൽ ഫ്യൂവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തുന്നില്ല.

(c) വാഹന ഓട്ടം സംബന്ധിച്ച വിവരങ്ങൾ അതാത് സമയങ്ങളിൽ ലോഗ് ബുക്കിൽ രേഖപ്പടുത്തുന്നില്ല. (20.11.2018 ന് ശേഷം ലോഗ് ബുക്ക് എഴുതിയിട്ടില്ല) ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം ഒരു ദിവസം ശരാശരി 28 – 30 കിലോ മീറ്റർ ദൂരമാണ് ഓടിക്കൊണ്ടിരിക്കുന്നത് എന്നാൽ 02.04.2017 ന് വാഹനം നൂറ് കിലോമീറ്റർ ദൂരം ഓടിയതായി കാണുന്നു ഇത് വിശദീകരിക്കേണ്ടതാണ്.വാഹന ഉപയോഗം സംബന്ധിച്ച എല്ലാരേഖകളും വരവ് ചെലവ് കണക്കുകളും പി.എം.സി യോഗത്തിൽ മെഡിക്കൽ ഓഫീസർ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ വാഹനവുമായി ബന്ധപ്പെട്ട കണക്കുകൾ പി.എം.സി മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3. സ്പെഷ്യൽ ഓ.പി. നടത്തുന്നില്ല.

ഹോം കെയർ നൽകിവരുന്ന കിടപ്പിലായ രോഗികളിൽ മരുന്നുകൾ സ്ഥിരമായി കഴിക്കേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളെ തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇത്തരം രോഗികളെ പരിശോധിക്കുവാനും മരുന്ന് ലഭ്യമാക്കുവാനും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം അതാത് ആരോഗ്യ സ്ഥാപനത്തിൽ ഏർപ്പെടുത്തണം.ഇവർക്ക് മാത്രമായുള്ള സ്പെഷ്യൽ ഓ.പി. ആഴ്ചയിൽ കുറഞ്ഞത് ഒരു ദിവസം ആരോഗ്യ സ്ഥാപനങ്ങളിൽ സജ്ജീകരിക്കേണ്ടതാണ്. സ്പെഷ്യൽ ഓ.പി ദിവസങ്ങളിൽ പാലിയേറ്റീവ് നേഴ്സിന്റെ സേവനം ഓ.പി യിൽ ഉണ്ടായിരിക്കേണ്ടതാണ്.(മേൽ ഉത്തരവ് ഖ.2-6-7 കാണുക) എന്നാൽഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഓ.പി സേവനം രോഗികൾക്ക് ഏർപ്പെടുത്തിയിട്ടില്ല.

4. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

(a) ഫോളോ അപ് ഹോം കെയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(b) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

(c) പ്രതിമാസ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

(d) പാലിയേറ്റീവ് നഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കുടുംബ സംഗമംനടത്തിയത് - ചെലവ് അധികം

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണ്.സംഗമം ആർഭാടരഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-6-13) സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി അറുപത് രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/-രൂപയും ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ രോഗികൾക്കായി 22.03.2018 ന് കുമുള്ളി വായനഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങിനൽകൽ - എന്ന ഉദ്ദേശത്തിനായി സംഗമം നടത്തിയ വകയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചായ, ലഘുകടി 8000/-

ക്ലോത്ത് ബാനർ 800/

രോഗികളെ എത്തിക്കുന്നതിന് ജീപ്പ് വാടക 2000/-

പാലിയേറ്റീവ് നഴ്സിന് ക്ലാസ് എടുത്തവകയിൽ 1000/-

കസേര, മേശ, ജനറേറ്റർ, മൈക്ക് വാടക 5200/-

ആകെ 17000/-

ഹാജർ പട്ടികയിൽ സംഗമത്തിൽ പങ്കെടുത്തത് 80 പേർ മാത്രമാണ്. ഇവർക്ക് ചെലവഴിക്കാവുന്ന ആകെ തുക 7800/- (80*60+3000) രൂപ മാത്രമാണ്. എന്നാൽ അനുവദനീയമായതിലും 9200/- രൂപ കൂടുതൽ ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

6. സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല.

ഒരു ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പദ്ധതിപ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യം നൽകേണ്ട മേഖലകളിൽ ഒന്നാണ് പാലിയേറ്റീവ് കെയർ. ആയതിനാൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-13 എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന് പങ്കാളിത്തം ഇല്ല

ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി എസ്.എസ്.എ. ക്ക് ഓഡിറ്റ് വർഷം രണ്ട് പ്രോജക്ടുകളിലായി 1270000/- രൂപ ഗ്രാമ പഞ്ചായത്ത് കൈമാറിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | 3/18 | 5/18 |
| അടങ്കൽ | 1000000/- | 270000/- |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) | വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 1000000/- | 270000/- |
| ബിൽ നം. തി. | 2/18 , 29.07.2017 | 1/18 /29.07.17 |

സ.ഉ. (എം.എസ്)നം.72/2017/29.03.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുബന്ധം ഖ.12-9 (3) ൽ എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. മാത്രമല്ല പദ്ധതി വിശദമായി മോണിറ്ററിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ,വർക്കിംഗ് ഗ്രൂപ്പോ ശ്രദ്ധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. എസ്.എസ്.എ.പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-14 ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങിനൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 166/18 |

| | |
|---|---|
| | |
| അടങ്കൽ | 555046 |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ചെലവ് | 555046/- |
| ബിൽനം / തിയ്യതി | 6/18 / 27.3.18 |

ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യകത നിർണ്ണയിച്ചതിന് ശേഷം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.സ.ഉ.(എം.എസ്)നം.80/2017 /തസ്വഭവ. തി.03.04.2017 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.10.3ൽ ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ, ആർട്ട്ഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ് / കാൺപൂർ) യിൽ നിന്നോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽനിന്നോ വാങ്ങാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് സാധനങ്ങൾ വാങ്ങിയത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ ഇത്തരം സാധനങ്ങൾ വാങ്ങാമെന്നതിനുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2.സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ,പ്രോജക്ട് രജിസ്റ്റർ,വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 20/1-18/ 29.11.2018) ക്ക് മറുപടി നൽകിയിട്ടില്ല. മിനുട്സ് പരിശോധിച്ചതിൽ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ പങ്ക് വഹിച്ചിട്ടില്ലെന്ന് കാണുന്നു. ചെലവ് തുക 555046/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-15 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകം

1. ഇ ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല

1അസി. സെക്രട്ടറി നടപ്പാക്കിയ പട്ടികജാതിക്കാർക്ക് പിവിസി വാട്ടർ ടാങ്ക് എന്ന പ്രോജക്റ്റിന്റെ ആകെ അടങ്കൽ തുക 713400 രൂപയാണ്. (533000 എസ് സി പി, 2050 തനത് ഫണ്ട്, 178350 ഗുണഭോക്തൃ വിഹിതം) ആയതിൽ 535210 രൂപ ചെലവഴിച്ച് തൃപ്തി ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 179 വാട്ടർ ടാങ്കുകൾ വാങ്ങി. 30.4.2015 ലെ ജിഒ(എംഎസ്) 13/2015/ITD ഉത്തരവു പ്രകാരം 5 ലക്ഷവും അതിലധികവുമുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ (ഇ പ്രോക്യൂർമെന്റ്) നടപടിക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് സാധാരണ ടെണ്ടർ നടപടിക്രമം ആണ് സ്വീകരിച്ചത്. ടെണ്ടർ ഫോമിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പാണ് ടെണ്ടറിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളും നൽകിയത്. നിയമാനുസൃത തുകകൾ ഈടാക്കിയതിന്റെ വിവരം , ടാബുലേഷൻ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

180 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി (177 പേരിൽ നിന്നും 750 രൂപയും മൂന്ന് പേരിൽ നിന്ന് 1000 രൂപയും) 179 പേർക്ക് മാത്രമേ ടാങ്ക് വിതരണം നടത്തിയുള്ളൂ. വിവിധ രീതിയിൽ ഗുണഭോക്തൃ വിഹിതം പിരിച്ചതിനും തുക അടവാക്കിയ ഒരാൾക്ക് ടാങ്ക് നൽകാത്തതിനും വിശദീകരണം നൽകിയിട്ടില്ല.

പ്രോക്യൂർമെന്റ് പ്ലാനും ബഡ്ജറ്റുമില്ല

പ്രോക്യൂർമെന്റ് പ്ലാനും ബഡ്ജറ്റുമില്ലാതെ പല നിരക്കിൽ പല രീതിയിലാണ് വാങ്ങലുകൾ നടത്തുന്നത് . ഈ നടപടി ആശാസ്യമല്ല. വർഷാരംഭത്തിൽ തന്നെ വർഷത്തെ ആകെ ആവശ്യകതയും ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിർണ്ണയിച്ച് സുതാര്യമായ വാങ്ങലുകൾ നടത്തേണ്ടതാണ്.

പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്സ് യഥാവിധി സൂക്ഷിക്കുന്നില്ല

ഓരോ വാങ്ങലുകളും കമ്മറ്റിയിൽ ചർച്ചകൾക്ക് വിധേയമാക്കേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. ആയത് യഥാവിധി മിനുട്സായി രേഖപ്പെടുത്തി അംഗീകരിച്ച് തീരുമാനങ്ങൾ ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടതാണ്. എന്നാൽ കമ്മറ്റി മിനുട്സ് കൃത്യമായി സൂക്ഷിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, തുടങ്ങിയ യോഗങ്ങൾ ചേർന്നതിന്റെ വിവരങ്ങൾ ഉൾക്കൊള്ളുന്ന മിനുട്സിൽ ഇടയ്ക്കുള്ള പേജുകളിലാണ് പ്രോക്യൂർമെന്റ് മിനുട്സ് എഴുതി സൂക്ഷിക്കുന്നത്. പഞ്ചായത്തിന്റെ വാങ്ങലുകൾ നിരീക്ഷിക്കേണ്ട മിനുട്സ് സൂക്ഷിക്കുന്നതിൽ അലംഭാവം കാണിക്കുന്നത് വീഴ്ചയാണ്.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-16 മുൻകൂറുകൾ ക്രമീകരിക്കാത്തത്

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുൻകൂറുകൾ സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങളായിട്ടും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കണ്ടു.

| ക്രമ നം | തുക | വൗച്ചർ നം. തിയ്യതി | കൈപ്പറ്റിയ ആൾ | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 3892 | ലഭ്യമല്ല | ടി എം ബാലഗോപാലൻ | വ്യക്തമാക്കിയിട്ടില്ല |
| 2 | 7500 | 10/3.1.17 | കൺവീനർ മണിക്കോത്ത് മീത്തൽ | |
| 3 | 8000 | 60/22.1.17 | കൺവീനർ കുറ്റിപൊരിച്ചതിൽ | |
| 4 | 21415 | 60/12 10.2.10 | അക്ഷയകേന്ദ്രം മുണ്ടൂർ | |
| 5 | 1900000 | - | വാട്ടർ അതോറിറ്റി | |

| | | | | |
|---|---|---|---|---|
| | | | | |
| 6 | 650000 | - | വാട്ടർ അതോറിറ്റി | |
| ആകെ | 2590807 | | | |

മുൻകൂറുകൾ നിയമാനുസൃതം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | - |
| | | 200000 | പാലിന് സബ്സിഡി | 200000 | |
| ജില്ലാ പഞ്ചായത്ത് | | 150000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | |
| | | 100000 | പാലിന് സബ്സിഡി | 100000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 2393000 | 0 | 2393000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1737556 |
| തൻവർഷം നിക്ഷേപിച്ച തുക | 3664184 |
| ആകെ | 5401740 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5401740 |

5401740 രൂപയാണ് വർഷാവസാനം ശേഷിക്കുന്ന തുകയെങ്കിലും വാർഷിക കണക്കിൽ 4609420 രൂപ എന്നാണ് രേഖപ്പെടുത്തിയത്. വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | അത്തോളി കോ ഓപ്പറേറ്റീവ് ബാങ്ക് | 30.12.17 | 12 മാസം | 2604795 | |
| 2 | അത്തോളി കോ ഓപ്പറേറ്റീവ് ബാങ്ക് | 14.2.18 | 3 മാസം | 1000000 | |
| 3 | കെ ഡി സി ബാങ്ക് അത്തോളി | 28.6.17 | 12 മാസം | 749498 | |
| 4 | | 6.2.18 | 12 മാസം | 218500 | |
| 5 | | 22.1.18 | 12 മാസം | 36627 | |
| 6 | | 1.4.17 | 12 മാസം | 158464 | |
| 7 | | 1.4.17 | 12 മാസം | 158464 | |
| 8 | | 1.4.17 | 12 മാസം | 158464 | |

| | | | | | |
|---|---|---|---|---|---|
| 9 | | 1.4.17 | 12 മാസം | 158464 | |
| 10 | | 1.4.17 | 12 മാസം | 158464 | |
| ആകെ | | | | 5401740 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | - | 2004-05 | 3 | നികുതി പിരിവിൽ അലംഭാവം പൊതുപരാമർശം |
| 2002-03 | 26 | 2005-06 | 70 (1) | സാങ്കേതിക നിർദ്ദേശം മരാമത്ത് പ്രവൃത്തികളിൽ ലക്ഷ ങ്ങളുടെ നഷ്ടം |
| 2004-05 | 2-2 | 2006-07 | 3-79 (1) | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. (പൊതു പരാമർശം) |
| 2004-05 | 2-4 | 2006- 07 | 3-79(3) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79(4) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| | | | | ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79(16) | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79(18) | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു |
| 2004-05 | 3-12 | 2006-07 | 3-79(19) | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | .63004048 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65334077 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 31602 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1190657 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 4825 | | ശ്രീ.രാജേഷ് എ, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി (505 രൂപ)<br>ശ്രീ.ഫവാസ് ഷമീം,<br>സെക്രട്ടറി (4320 രൂപ) |
| 3-2 | 26777 | | ശ്രീമതി.ഷീജ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 5250 | ഡോ. അംബിക രാജൻ നമ്പ്യാർ,<br>വെറ്ററിനറി സർജൻ |
| ആകെ | 31602 | 5250 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 146671 | ശ്രീ.ഷമ്മി മാത്യു, കൃഷി ഓഫീസർ |
| 3-4 | 85000 | ശ്രീ.ഷമ്മി മാത്യു, കൃഷി ഓഫീസർ |
| 3-5 | 300000 | ശ്രീമതി.സജിത, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-8 | 23940 | ശ്രീ.ജിഷിത്ത് ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 80000 | ശ്രീ.ജിഷിത്ത് ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 555046 | ഡോ.രോഷ്ണി.പി.ടി., മെഡിക്കൽഓഫീസർ,പിഎച്ച്സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ.രാജേഷ് .എ,<br>സെക്രട്ടറി | സെക്രട്ടറി തിക്കോടി<br>ഗ്രാമപഞ്ചായത്ത് | ആരതി, പെരുവട്ടൂർ പോസ്റ്റ്,<br>കൊയിലാണ്ടി, കോഴിക്കോട്<br>673620 |
| ശ്രീ. ഫവാസ് ഷമീം<br>സെക്രട്ടറി | സെക്രട്ടറി കടലുണ്ടി<br>ഗ്രാമപഞ്ചായത്ത് | തൊട്ടുപൊയിൽ, കോളിക്കൽ,<br>ഉണ്ണികുളം 673574 |
| ശ്രീമതി.ഷീജ.സി.<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | എൽ.എസ്.ജി.ഡി<br>അത്തോളി<br>ഗ്രാമപഞ്ചായത്ത്,<br>വേളൂർ പോസ്റ്റ് | നൂപുരം, അരിയാട്ട്<br>വി.കെ.റോഡ്, തലകുളത്തൂർ<br>പോസ്റ്റ് |
| ശ്രീ.ഷമ്മി മാത്യു,<br>കൃഷി ഓഫീസർ | കൃഷിഭവൻ, അത്തോളി | എം.6/21 മലാപ്പറമ്പ്<br>ഹൗസിംഗ് കോളനി 673009 |
| ഡോ.അംബികരാജൻ<br>നമ്പ്യാർ,<br>വെറ്ററിനറി സർജൻ | വെറ്റിനററി<br>ഡിസ്പെൻസറി,<br>അത്തോളി | സിൽവർ ലൈൻസ്, മക്കട,<br>കക്കോടി, കോഴിക്കോട് |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.1/1571/08തി03.12.08 | 3<br>(29(1), 23,41) |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി1. 1572/08തി.03.12.08 | 8<br>(23,24,25(6,7,8,9,10) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1. 1573/08തി03.12.08 | 5<br>(21,22,23,27,29) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1. 1574/08.തി.03.12.08 | 13<br>(3-2,3-8,3-12,3-13, 3-14,3-16,3-17,3-18, 3-20,3-21,3-22,3-23, 3-24) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1. 1253/08തി.05.12.08. | 9<br>(2-1,2-2,3-1,3-2, 3-6,3-7,3-12,3-13, 4-1) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി1/541/08തി. 11.7.08 | 10<br>(2-1,3-1,3-2, 3-3,3-4,3-5, 3-7, 3-8, 3-9, 4-4) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി1/1046/08തി14.10.08. | 10<br>(1ബി,1ഇ, 2-1,3-2,3-3, 3-4,3-5, 3-7,4-1,4-4) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1. 1175/09തി03.11.09 | 29<br>(1എ, 1ബി,1ഇ, 2-2,2-6,2-8, 2-10, 3-1, 3-2,3-3,3-4, 3-6, 3-7, 3-13,3-14, 3-15, 3-16, 3-17, 3-19, 3-20, 3-21, 3-23, 3-24, 3-25,3-26, 3-28,3-29,3-31,4-1) |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10. 1304/10തി.04.11.2011 | 28 (2-1,2-2,2-7(ബി), 2-8,2-9,2-10,2-11,2-12, 2-13,2-14,3-6,3-7,3-8,3-9, 3-10, 3-12,3-13, 3-14, 3-15,3-16, 3-17,3-18, 3-19,3-20, 3-22,3-23, 3-25(1,2,3), 4-3 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13.65/14തി.11.2.14 | 19 (2-2(1 to 4), 2-3(1,2), 2-4, 3-2, 3-4,3-5,3-6, 3-7,3-9,3-10, 3-11, 3-12(2), 3-13(1,2), 3-14, 3-15, 4-3,4-6) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13തി.1.02.13 | 20 (2-2,2-3,2-4, 3-2,3-3,3-5,3-6,3-7, 3-8,3-9,3-10, 3-11,3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20) |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/512/14. തി.7.6.2014 | 17 (2-3(1), 3-1,3-2,3-3 3-4, 3-5, 3-6,3-7,3-9, 3-10, 3-11,3-12, 3-15,3-16, 3-17, 4(1,2), 4-6) |
| 2013-14<br>2014-15 | കെ എസ് എ/കെ കെ ഡി /പി13/1368/2016 തീയതി-8.9.2016 | 11 (2-1(2), 2-2, 3-1, 3-2, 3-4, 3-5, 3-7, 3-8, 3-9,3-10, 3-13) |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | കെ എസ് എ/കെ കെ ഡി /പി13/1858/2017 തീയതി-03.01.2018 | 11 (2-1(1), 2-1(3),2-1(4), 2-2,2-5,,2-6, 3-1,3-2,3-6, 3-11,3-13) |
| 2016-17 | കെ എസ് എ/കെ കെ ഡി /പി13/2338/2017 തീയതി-03.01.2018 | 11 (2-1 മുതൽ 2-5 വരെ, 2-7,2-9,3-2,3-5,3-6,3-7) |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അത്തോളി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്